കില
വാർത്താപത്രിക

VOLUME-12
ISSUE-8
AUGUST 2019

info@kila.ac.in | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in

തിരുവനന്തപുരത്ത് സംഘടിപ്പിച്ച ഹരിതബോധവൽക്കരണശില്പശാലയിൽ
മന്ത്രി **എ.സി.മൊയ്തീൻ** സിറ്റി സാനിറ്റേഷൻ പ്ലാനുകൾ പ്രകാശനം ചെയ്യുന്നു

അരുത്, വലിച്ചെറിയരുത് : 20 ലക്ഷം പേർക്കു സംസ്ഥാനത്ത് ബോധവൽക്കരണം

സംസ്ഥാനത്ത് 20 ലക്ഷം പേർക്കു ഹരിതനിയമ ബോധവൽക്കരണം നൽകുന്നു. അരുത്, വലിച്ചെറിയരുത്, കത്തിക്കരുത് എന്ന പേരിൽ കിലയുടെ സഹകരണത്തോടെ ഹരിത കേരളം മിഷനാണ് ബോധവൽക്കരണം നൽകുന്നത്. അര ലക്ഷം വിദ്യാർത്ഥികൾക്കുള്ള ബോധവൽക്കരണവും ആരംഭിച്ചു. ഇതിനായി എൻ.സി.സി, എൻ.എസ്.എസ്, എസ്.പി.സി തുടങ്ങിയവയിൽ അംഗങ്ങളായ വിദ്യാർത്ഥികൾക്കു പരിശീലനം നൽകി. മാലിന്യം പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നവർക്കെതിരെ നിലവിലുള്ള ശിക്ഷാനടപടികൾ നടപ്പാക്കുന്നതിന്റെ ഭാഗമായാണ് ബോധവൽക്കരണം. തദ്ദേശവാർഡുകളിൽ 100 പേർക്കു വീതം ബോധവൽക്കരണം നൽകും. ഇവരുടെ സഹായത്തോടെ മറ്റുള്ളവരെ ബോധവൽക്കരിക്കും. ഇന്ത്യൻ ശിക്ഷാനിയമം, കേരള-ജലസേചന-ജലസംരക്ഷണനിയമം, കേരള പഞ്ചായത്ത് ആക്ട്, കേരള മുനിസിപ്പൽ നിയമം, ഭക്ഷ്യസുരക്ഷാനിയമം, മലിനീകരണ നിയന്ത്രണനിയമം, തുടങ്ങിയവ പ്രകാരമുള്ള ശിക്ഷാനടപടികൾ ജനങ്ങളോടു വിശദീകരിക്കും. ഇതിനുശേഷവും മാലിന്യം വലിച്ചെറിയുകയോ കത്തിക്കുകയോ ചെയ്താൽ ശിക്ഷാനടപടി ആരംഭിക്കും.

മേയർമാർ, മുനിസിപ്പൽ ചെയർമാൻമാർ, സെക്രട്ടറിമാർ എന്നിവർക്കുള്ള ഹരിത ബോധവൽക്കരണ ശില്പശാല തിരുവനന്തപുരത്ത് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി എ. സി. മൊയ്തീൻ ഉദ്ഘാടനം ചെയ്തു. കില ഡയറക്ടർ ഡോ. ജോയ് ഇളമൺ അദ്ധ്യക്ഷനായിരുന്നു. കിലയുടെ സാങ്കേതിക സഹായത്തോടെ വിവിധ നഗരസഭകൾ തയ്യാറക്കിയ സിറ്റി സാനിറ്റേഷൻ പ്ലാനുൾ ബഹു.മന്ത്രി പ്രകാശനം ചെയ്തു. ഹരിത കേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ.സീമ, കൺസൽട്ടന്റ് എൻ.ജഗ്ജീവൻ, പോലിസ് ഇൻസ്പെക്ടർ ഷാജിമോൻ എന്നിവർ സംസാരിച്ചു. മേയർമാരായ വി. കെ. പ്രശാന്ത്, തോട്ടത്തിൽ രവീന്ദ്രൻ, മുനിസിപ്പൽ ചെയർമാൻ പാനൽ സെക്രട്ടറി സാബു, നഗരകാര്യ ഡയറക്ടർ ഗിരിജ എന്നിവർ സംബന്ധിച്ചു. കൺസൽട്ടന്റ് പി. സുധാകരൻ സ്വാഗതവും ടെക്നിക്കൽ ഡയറക്ടർ വി. രാജേഷ് നായർ നന്ദിയും പറഞ്ഞു.

തദ്ദേശസ്വയംഭരണവകുപ്പ്: വാർത്തകളും അറിയിപ്പുകളും

ഓണം ഫെയർ 2019

കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സപ്ലൈകോ) 2019 ഓണം ഫെയർ നടത്തുന്നതിനു തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള പൊതുസ്ഥലങ്ങൾ തറ വാടക ഈടാക്കാതെ വിട്ടുനൽകണമെന്നു സർക്കാർ ഉത്തരവായി. (സ.ഉ.(സാധാ)1819/2019 തസ്വഭവ.22.8.2019)

സാമൂഹ്യസുരക്ഷാപെൻഷൻ

2019 മേയ് മുതൽ ജൂൺവരെയുള്ള മൂന്നുമാസത്തെ സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം ചെയ്യാൻ സർക്കാർ ഉത്തരവായി. അതിനനുസരിച്ചുള്ള തുക 1716,47,31,000/-രൂപ അനുവദിച്ച് ഉത്തരവു പുറപ്പെടുവിച്ചു. (സ.ഉ.(സാധാ)6713/2019/ധനവകുപ്പ് 21.8.2019)

ദുരിതാശ്വാസനിധിയിലേക്കു തുക നൽകാം

സംസ്ഥാനത്തുണ്ടായ പ്രളയത്തെ തുടർന്ന് ദുരിതാശ്വാസപ്രവർത്തനങ്ങൾക്കുവേണ്ടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കു തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ തനതുഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുക സംഭാവന ചെയ്യുന്നതിനു യഥേഷ്ട അനുമതി നൽകി ഉത്തരവായി. (സ.ഉ.(സാധാ)1820/2019/തസ്വഭവ.22.8.2019)

അടിയന്തിര ദുരിതാശ്വാസം

സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്ന പ്രളയക്കെടുതിയെ തുടർന്നുള്ള ദുരിതാശ്വാസ പരിപാടികളുടെ ഭാഗമായി ദുരിതാശ്വാസക്യാമ്പുകളിലും വീടുകളിലും പൊതു ഇടങ്ങളിലും വ്യാപാരസ്ഥാപനങ്ങളിലും ശുചിത്വം ഉറപ്പുവരുത്തുന്നതിനു അടിയന്തിര പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തണമെന്നു നിർദ്ദേശിച്ചുകൊണ്ട് തദ്ദേശസ്വയംഭരണവകുപ്പ് സർക്കുലർ പുറപ്പെടുവിച്ചു. 12.8.2019 ലെ ഇ.പി.എ 4/2019 തദ്ദേശസ്വയംഭരണവകുപ്പ് നമ്പറായാണ് വിശദമായ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്.

സംസ്ഥാന പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ

കേരളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുവേണ്ടിയുള്ള പെർഫോർമൻസ് ഓഡിററ് ഡിപ്പാർട്ടുമെന്റിന്റെ സംസ്ഥാന പെർഫോർമൻസ് ഓഫീസറുടെ പൂർണ്ണ അധികചുമതല തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ സെക്രട്ടറി എം.എസ് ബിജുകുട്ടനു നൽകി ഉത്തരവായി.

കേരളോത്സവം-2019

കേരളോത്സവം-2019 ന്റെ നടത്തിപ്പിനുള്ള തുക പ്ലാൻ ഫണ്ടിൽനിന്നോ തനതുഫണ്ടിൽനിന്നോ വിനിയോഗിക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ അനുവദിച്ചുകൊണ്ട് ഉത്തരവായി. ചെലവാക്കുന്ന പരമാവധി തുക താഴെ പറയുന്ന പ്രകാരമായിരിക്കും. ഗ്രാമപഞ്ചായത്തുകൾക്കു ഒരു ലക്ഷം രൂപ, ബ്ലോക്ക് പഞ്ചായത്തുകൾക്കു ഒന്നരലക്ഷം രൂപ ജില്ലാപഞ്ചായത്തുകൾക്കു നാലു ലക്ഷം രൂപ, നഗരസഭകൾക്കു ഒന്നരലക്ഷം രൂപ, കോർപ്പറേഷനുകൾക്കു രണ്ടുലക്ഷം രൂപ. ഇതുസംബന്ധിച്ച ഉത്തരവ് 17.8.2019 ൽ സ.ഉ.(സാധാ)1783/2019/തസ്വഭവ. നമ്പറായി പുറപ്പെടുവിച്ചിട്ടുണ്ട്.

വാഹനം വാടകയ്ക്കെടുക്കാൻ

ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ എഞ്ചിനിയർമാർക്കു സ്വന്തമായി വാഹനം ഇല്ലെങ്കിൽ വാഹനം വാങ്ങുന്നതിനും ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനിയർമാർക്കു വാഹനം വാടകയ്ക്ക് എടുക്കുന്നതിനും അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിനു തനതുഫണ്ടിന്റെ ലഭ്യത കുറവുണ്ടെങ്കിൽ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതാണ്. (സർക്കുലർ നമ്പർ ഡി.ബി.3/141/2019 തസ്വഭവ.2.8.2019)

വീടുകളുടെ അറ്റകുറ്റപ്പണിക്കു എറൈസിനെ ഉപയോഗിക്കണം

കാലവർഷക്കെടുതിയിൽ നാശനഷ്ടമുണ്ടായ വീടുകൾ വാസയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിനു കുടുംബശ്രീയുടെ എറൈസ് മൾട്ടി ടീമുകളെ ഉപയോഗപ്പെടുത്തണം. 2018ലെ പ്രളയത്തിനുശേഷം ജീവിത ഉപാധികൾ നഷ്ടപ്പെട്ടവർക്കു ഉപജീവനത്തിനു മാർഗ്ഗങ്ങൾ കണ്ടെത്തി നൽകുന്നതിനു ലക്ഷ്യമിട്ടാണ് കുടുംബശ്രീ എറൈസ് എന്ന പരിശീലനപരിപാടിക്കു തുടക്കമിട്ടത്. ഏറ്റവും കൂടുതൽ തൊഴിൽ സാദ്ധ്യതയുണ്ടെന്നു സർവേ മുഖേന കണ്ടെത്തിയ പ്ലംബിംഗ്, ഇലക്ട്രോണിക്സ് റിപ്പയർ, ഇലക്ട്രിക്കൽ, ഡേകെയർ, ഹൗസ് കീപ്പിംഗ് എന്നീ മേഖലകളിൽ പരിശീലനം നൽകി മൾട്ടി ടാസ്ക് ടീമുകൾ രൂപീകരിക്കുകയാണ് എറൈസ് പദ്ധതി ലക്ഷ്യമിടുന്നത്. ഈ ടീമുകളെ പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായ ജോലികൾ ചെയ്യുന്നതിനു ഉപയോഗപ്പെടുത്താം.

അക്രഡിറ്റേഷനു പുതിയ അപേക്ഷാഫോറം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനു അക്രഡിറ്റേഷൻ ലഭിക്കുന്നതിനായി ഏജൻസികൾ സമർപ്പിക്കേണ്ട അപേക്ഷാഫോറം പരിഷ്ക്കരിച്ച് ഉത്തരവായി.അതിന്റെ മാതൃക സ.ഉ.(സാധാ)1784/2019/തസ്വഭവ.17.8.2019 ഉത്തരവിനോടൊപ്പം ചേർത്തിട്ടുണ്ട്.

ടെക്നിക്കൽ അസിസ്റ്റന്റുമാർക്കു ഹാർഡവെയർ ക്ലിനിക്കിൽ പരിശീലനം

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ ടെക്നിക്കൽ അസിസ്റ്റന്റുമാർക്കു ഹാർഡവെയർ ക്ലിനിക്കിൽ പരിശീലനം തുടങ്ങി. തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽനിന്നുള്ള ഇരുപതുപേർക്കാണ് ആദ്യബാച്ചിൽ പരിശീലനം നൽകിയത്. കമ്പ്യൂട്ടറുകളുടെ അസംബ്ലിംഗിലും മറ്റു അറ്റകുറ്റ പണികളിലുമാണ് പരിശീലനം. കില അസി.ഡയറക്ടർ മാത്യു ആൻഡ്രൂസ് ഉദ്ഘാടനം ചെയ്തു. കോഴ്സ് ഡയറക്ടർ ശാലിനി ആമുഖാവതരണം നടത്തി.

കൊട്ടാരക്കരയിലെ കില സി.എച്ച്.ആർ.ഡി, ഇ.ടി.സി പരിശീലനകേന്ദ്രങ്ങൾ
തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി **എ.സി.മൊയ്തീൻ** സന്ദർശിക്കുന്നു

മന്ത്രി എ.സി.മൊയ്തീൻ കൊട്ടാരക്കരയിലെ കില സി.എച്ച്.ആർ.ഡി. സന്ദർശിച്ചു

കൊട്ടാരക്കര കില സി.എച്ച്.ആർ.ഡിയും ഇ.ടി.സിയും സനന്ദർശിച്ച തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി എ.സി. മൊയ്തീൻ പ്രവർത്തനങ്ങൾ വിലയിരുത്തി. കില സെന്ററുകളുടെ സമഗ്രവികസനം ലക്ഷ്യമിട്ടായിരുന്നു മന്ത്രിയുടെ സന്ദർശനം. മാസ്റ്റർ പ്ലാൻ തയ്യാറാക്കി വികസന മുൻഗണനകൾ ക്രമീകരിക്കാൻ മന്ത്രി നിർദ്ദേശം നൽകി. കില സെന്ററുകൾ നിൽക്കുന്ന ഭൂമി അളന്നു തിട്ടപ്പെടുത്താൻ നടപടി സ്വീകരിക്കും. ഇതിനായി പ്രത്യേക റിപ്പോർട്ടു തയ്യാറാക്കുന്നതിനു കൊട്ടാരക്കര തഹസിൽദാരെ ചുമതലപ്പെടുത്തി. ഇ.ടി.സി. കോമ്പൗണ്ടിൽനിന്ന് പലപ്പോഴായി ഭൂമി കൈമാറിയ വകുപ്പുമേധാവികളുടെ യോഗം വിളിക്കുമെന്നു മന്ത്രി പറഞ്ഞു. ഓരോ സ്ഥാപനങ്ങളുടേയും കൈവശമുള്ള ഭൂമി അളന്ന് അതിന്റെ അതിർത്തിയും റവന്യു റെക്കോർഡുകളും ഇതുസംബന്ധിച്ച സർക്കാർ ഉത്തരവുകളും പരിശോധിച്ച് റിപ്പോർട്ട് നൽകാനും മന്ത്രി നിർദ്ദേശിച്ചു. ഭാവിയിൽ ഇ.ടി.സി കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്ന ഒരു പൊതുസ്ഥാപനത്തിനും കൈവശമുള്ള ഭൂമി സംബന്ധിച്ച് ആശയക്കുഴപ്പം ഉണ്ടാകാൻ പാടില്ലെന്നും അദ്ദേഹം പറഞ്ഞു. പി.ആയിഷപോറ്റീ എം.എൽ.എ, മുനിസിപ്പൽ ചെയർപേഴ്സൺ ബി.ശ്യാമളയമ്മ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്. ശശികുമാർ, കില ഡയറക്ടർ ഡോ. ജോയ് ഇളമൺ, പഞ്ചായത്ത് ഡയറക്ടർ ബി.എസ്. തിരുമേനി, കില സി.എച്ച്.ആർ.ഡി. റീജീണൽ ഡയറക്ടർ കെ.എം. രാമകൃഷ്ണൻ, കില ഇ.ടി.സി. പ്രിൻസിപ്പൽ ജി.കൃഷ്ണകുമാർ, സ്പിന്നിംഗ് മിൽ ചെയർമാൻ ജോർജ് മാത്യു, മുനിസിപ്പൽ കൗൺസിലർ സി. മുകേഷ് എന്നിവർ സംബന്ധിച്ചു.

കിലയിൽ പരിശീലനത്തിനു ടി.പി.എം.സ്

പരിശീലനപദ്ധതികൾ വെബ് അടിസ്ഥാനത്തിലാക്കുന്ന ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റം (ടി.പി.എം.എസ്) കിലയിൽ പ്രാവർത്തികമാക്കി. ട്രെയിനിംഗ് പ്ലാൻ വെബ് അടിസ്ഥാനത്തിൽ നടപ്പാക്കുന്നതോടെ വിവിധ കേന്ദ്രങ്ങളിൽ വച്ചു നടത്തുന്ന പരിശീലനത്തിന്റെ സംഘാടകർക്കും ഗുണഭോക്തതാക്കൾക്കും പരിശീലനത്തെക്കുറിച്ച് പ്ലാൻ ചെയ്യുന്നതിനും മോണിറ്റർ ചെയ്യുന്നതിനും കാര്യക്ഷമമായി നടപ്പാക്കുന്നതിനും സാധിക്കുന്നു. ഈ സിസ്റ്റം സുഗമമായി ഉപയോഗിക്കാവുന്ന രീതിയിലാണ് രൂപകല്പന ചെയ്തിട്ടുള്ളത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർക്കു ഇത് ഏറെ പ്രയോജനപ്പെടും. കിലയാണ് ടി.പി.എം.സ്. പദ്ധതി വിഭാവനം ചെയ്തു നടപ്പിലാക്കുന്നത്. സ്വതന്ത്ര സോഫ്റ്റ് വെയർ സാങ്കേതികവിദ്യ ഉപയോഗിച്ചാണ് ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റം വികസിപ്പിച്ചെടുത്തിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ ഐ.ടി നയത്തിന്റെ ഭാഗം കൂടിയാണിത്.

കാര്യശേഷി വികസനത്തിനു ഓൺലൈൻ സിസ്റ്റം ഉപയോഗപ്പെടുത്തുക എന്നതാണ് ഈ പദ്ധതികൊണ്ടു ഉദ്ദേശിക്കുന്നത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേയും ഘടകസ്ഥാപനങ്ങളിലേയും മറ്റു സ്ഥാപനങ്ങളിലേയും ഉദ്യോഗസ്ഥരുടെ വിവരശേഖരണം നടത്തി അവരെ പരിശീലനപരിപാടിയുടെ ഭാഗമാക്കാനും അതുവഴി പങ്കാളിത്തം ഉറപ്പുവരുത്താനും പരിശീലനപരിപാടി കുറ്റമറ്റ രീതിയിൽ രൂപകല്പന നടത്താനും ഈ സാങ്കേതികവിദ്യകൊണ്ടു കഴിയുന്നു. പാഠ്യപദ്ധതി, ട്രെയിനിംഗ് കലണ്ടർ തയ്യാറാക്കൽ, പരിശീലകരെ തീരുമാനിക്കൽ, തുടങ്ങി പരിശീലനവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഈ സോഫ്റ്റ് വെയറിൽ കൂടി ചെയ്യാനും അറിയാനും കഴിയുന്നു.

കിലയിൽ രണ്ടു പുതിയ പഠന–ഗവേഷണ വിഭാഗങ്ങൾ കൂടി

കിലയെ മികവിന്റെ കേന്ദ്രമാക്കി മാററുന്നതിന്റെ ഭാഗമായി രണ്ടു പുതിയ പഠന-ഗവേഷണ വിഭാഗങ്ങൾ കൂടി കിലയിൽ പ്രവർത്തനം തുടങ്ങി. പ്രാദേശികഭരണത്തിനായുള്ള നിയമവിഭവകേന്ദ്രവും കീഴാളപഠനകേന്ദ്രവും (സബ് ആൾട്ടേൺ സ്റ്റഡീസ്) 2019 ആഗസ്റ്റ് 1 മുതൽ പ്രവർത്തനം ആരംഭിച്ചു. നിയമവിഭവകേന്ദ്രത്തിന്റെ ഹോണററി ഡയറകട്റായി തിരുവനന്തപുരം ഗവ.ലോ കോളേജിലെ പ്രൊഫ. ഡോ.എ.സുഹൃദ്കുമാറിനേയും കീഴാളപഠനകേന്ദ്രത്തിന്റെ ഹോണററി ഡയറക്ടറായി സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിലെ ഹോണററി ഫെലോ പ്രൊഫ.പി.ശിവാനന്ദനേയും നിയമിച്ചു. മൂന്നുവർഷമാണ് നിയമന കാലാവധി.

പ്രാദേശിക സാമ്പത്തികവികസനത്തിന് വൈദഗ്ദ്ധ്യപോഷണം

മനുഷ്യനിലും അവന്റെ കഴിവിലുമുള്ള വിശ്വാസം വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ സന്തോഷപ്രദവും സംസ്കാരസമ്പന്നവുമായ ഒരു ജീവിതം എല്ലാവർക്കും പ്രാപ്യമാക്കുക എന്നത് എല്ലാവരുടേയും ചുമതലയാണ്. മനുഷ്യന്റെ ജീവിതാവശ്യങ്ങളായ ആഹാരം, വസ്ത്രം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ എന്നീ പ്രാഥമിക സൗകര്യങ്ങൾ എല്ലാവർക്കും തുല്യനിലയിൽ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളാണല്ലോ വികസനപ്രവർത്തനങ്ങൾ. പന്ത്രണ്ടു പഞ്ചവത്സര പദ്ധതികളിലൂടെ നാം നടപ്പിലാക്കിയ വികസനപ്രവർത്തനങ്ങൾ വലിയ നേട്ടങ്ങൾക്കു വഴിതെളിയിച്ചു. പക്ഷേ ഇപ്പോഴും വികസിക്കാത്ത കുറെ വ്യക്തികളേയും ദാരിദ്ര്യം അനുഭവിക്കുന്ന കുറെ കുടുംബങ്ങളേയും വികസിക്കാത്ത പ്രദേശങ്ങളേയും നമുക്കു കാണാം. വരുമാനമില്ലാത്ത വ്യക്തിയെയാണ് വികസിക്കാത്ത വ്യക്തിയെന്നു പൊതുവിൽ പറയുന്നത്. വരുമാനം ലഭിക്കാൻ തൊഴിൽ വേണം. പുതിയ കാലഘട്ടത്തിൽ പ്രാദേശിക സർക്കാരുകൾ വൈദഗ്ദ്ധ്യപോഷണത്തിലൂടെ തൊഴിലും വരുമാനവും ലഭിക്കുന്ന പദ്ധതികൾ ആവിഷ്ക്കരിക്കണം.

ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ച 17 സുസ്ഥിരവികസന ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ടവയായ ദാരിദ്ര്യമകറ്റൽ, വിശപ്പകറ്റൽ, മികച്ച തൊഴിലും സാമ്പത്തിക വളർച്ചയും തുടങ്ങിയവ നേടിയെടുക്കുന്നതിൽ പ്രാദേശികസർക്കാരുകളുടെ പങ്ക് വളരെ വലുതാണ്. വിതരണമാണ് വികസനം എന്ന സങ്കല്പത്തിൽനിന്നു മാറി മനുഷ്യവികസനമാണ് വികസനത്തിന്റെ അടിസ്ഥാനമെന്ന ചിന്തയ്ക്കു പതുക്കെ പതുക്കെ അംഗീകാരം ലഭിച്ചുവരുന്നുണ്ട്. നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജി വിഭാവനം ചെയ്ത രാഷ്ട്രത്തിന്റെ വികസനം- വ്യക്തികളുടെ വികസനത്തിലൂടെ എന്ന വികസന സങ്കല്പം പ്രാവർത്തികമാക്കിയാൽ മാത്രമേ ഗ്രാമവികസനം പരിപൂർണ്ണതയിലെത്തുകയുള്ളൂ.

വൈദഗ്ദ്ധ്യപോഷണം കേവലം ഏതെങ്കിലും ഒരു തൊഴിൽ പരിശീലനം മാത്രമല്ല. അത് ഒരു വ്യക്തിയുടെ ചിന്തയിൽ, മനോഭാവത്തിൽ, കാഴ്ച്ചപ്പാടിൽ, ശീലങ്ങളിൽ അടിസ്ഥാനമാറ്റത്തിനു ഉതകുന്നതാവണം. അങ്ങനെയായാൽ വ്യക്തിയുടെ വികസനം കുടുംബത്തിന്റെ വികസനമായി മാറും. കുടുംബങ്ങളുടെ വികസനത്തിലൂടെ ഗ്രാമവികസനം എന്ന അടിസ്ഥാന തത്വത്തിലേക്കുള്ള ചുവടുവയ്പ്പായി ഈ പ്രവർത്തനങ്ങൾ മാറുന്നു. ഈ വിശാല കാഴ്ചപ്പാടിൽ വൈദഗ്ദ്ധ്യപോഷണത്തെ കാണാനും ഉൾക്കൊള്ളാനും പ്രാദേശിക സർക്കാരുകൾക്കു കഴിയണം.

തൊഴിൽ പരിശീലനങ്ങളും തൊഴിൽ പരിശീലനസ്ഥാപനങ്ങളും തൊഴിൽ പരിശീലന പരിപാടികളും ഇല്ലാത്തതല്ല ഇന്നു നാം നേരിടുന്ന പ്രശ്നം. ഒരു പ്രദേശത്ത് ലഭ്യമാകുന്ന വിവിധ വിഭവങ്ങളും സാദ്ധ്യതകളും വെല്ലുവിളികളും മനുഷ്യവിഭവശക്തിയുടെ ഫലപ്രദമായ ഉപയോഗത്തിലൂടെ ആ പ്രദേശത്തിന്റെ വികസനത്തിനു ഉപയുക്തമാക്കലായിരിക്കണം വൈദഗ്ദ്ധ്യപോഷണത്തിന്റെ ലക്ഷ്യം. അല്ലെങ്കിൽ ഇതു കേവലം പരിശീലനാർത്ഥികളെ സൃഷ്ടിക്കുന്ന മറ്റൊരു പരിശീലനപരിപാടിയായി മാറും. അതിനാൽ കൃത്യമായ ലക്ഷ്യത്തോടുകൂടി ശാസ്ത്രീയമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ആവിഷ്ക്കരിക്കപ്പെടേണ്ട സാങ്കേതിക പരിശീലനപരിപാടിയായി ഇതിനെ കാണാൻ കഴിയണം.

ഒരു പ്രദേശത്തെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുകയും തന്മൂലം സംജാതമാകുന്ന വരുമാന വർദ്ധനയും തൊഴിൽ സാദ്ധ്യതയും പ്രാദേശികസർക്കാരുകളുടെ ലക്ഷ്യമാകണം. കാർഷിക വിഭവങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ, സംസ്കരണം, വിപണനം തുടങ്ങിയ എല്ലാ സാദ്ധ്യതകളും ഉപയോഗപ്പെടുത്താനാകണം. എങ്കിൽ മാത്രമേ ഈ പരിശീലനപരിപാടി ആ പ്രദേശത്തിന്റെ സാമ്പത്തികവികസനത്തിനും വഴി തെളിക്കുകയുള്ളൂ. ഇത്തരത്തിൽ ആവശ്യാധിഷ്ഠിതമായ ചെറുതും വലുതുമായ സംരംഭങ്ങൾ ആരംഭിക്കുവാൻ വേണ്ട സാങ്കേതിക വൈദഗ്ദ്ധ്യം സ്വായത്തമാക്കുന്നതിനു സഹായിക്കാൻ നിരവധി സ്ഥാപനങ്ങളും സംവിധാനങ്ങളും ഇന്ന് നിലവിലുണ്ട്. അങ്ങനെ ഈ പപരിപാടിയെ ദാരിദ്ര്യമകറ്റാൻ, വിശപ്പകറ്റൽ, മികച്ച തൊഴിലും സാമ്പത്തിക വളർച്ചയും തുടങ്ങിയ പ്രധാന സുസ്ഥിരവികസന ലക്ഷ്യങ്ങളോട് നടന്നടുക്കുന്ന ഒന്നാക്കി മാറ്റാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നേതൃത്വം നൽകണം.

ഒരു കുടുംബത്തിലെ ഒരാൾക്കെങ്കിലും തൊഴിൽ എന്ന ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിലുള്ള കർമ്മപരിപാടിക്കു രൂപം നൽകാൻ ശ്രമിക്കണം. ഇത്തരത്തിലുള്ള പദ്ധതി ആവിഷ്ക്കരിക്കുന്നതിനു പ്രധാനമായും പരിഗണിക്കേണ്ട കാര്യങ്ങൾ ഇവയാണ്.

- ആ പ്രദേശത്ത് ലഭ്യമാകുന്ന മനുഷ്യവിഭവശേഷി ഉൾപ്പെടെയുള്ള വിഭവങ്ങളുടെ ഫലപ്രദമായ ഉപയോഗം.
- പ്രാദേശിക-സാങ്കേതിക വിദ്യകൾ നൂതന സാധ്യതകളുമായി ബന്ധിപ്പിക്കൽ.
- സാങ്കേതിക വിദ്യകളുടേയും വിഭവങ്ങളുടേയും അടിസ്ഥാനത്തിലുള്ള ഉല്പാദന-സേവനമേഖലകൾ സൃഷ്ടിക്കൽ.
- പ്രാദേശികമായി ആവശ്യമുള്ള ഉൽപ്പന്നങ്ങളുടെ ഉത്പാദനം, വിപണനം തുടങ്ങിയവ പ്രാദേശികാടിസ്ഥാനത്തിൽതന്നെ ഉത്പ്പാദിപ്പിക്കൽ.
- തരിശുഭൂമിയുടെ പരമാവധി ഉപയോഗം.
- മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉത്പാദന-വിപണന സാധ്യതകൾ.
- പ്രാദേശികമായി ലഭ്യമാകുന്ന തൊഴിലവസരങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ.
- സാങ്കേതിക സ്ഥാപനങ്ങൾ, ഗവേഷണസ്ഥാപനങ്ങൾ, പരിശീലനസ്ഥാപനങ്ങൾ, സഹകരണസ്ഥാപനങ്ങൾ എന്നിവയുടെ ശ്രംഖല സൃഷ്ടിക്കുക.
- നിലവിലുള്ള വിവിധ വകുപ്പുകൾ, ഏജൻസികൾ, പരിപാടികൾ എന്നിവയുമായുള്ള സംയോജനം.

ഒരേ അച്ചിൽ വാർത്ത കുറെ പരിശീലനപരിപാടികളല്ല നമുക്കാവശ്യം. പ്രാദേശിക പഠനങ്ങളും തൊഴിൽ സർവേകളും പരിഹാരമാർഗ്ഗനിർദ്ദേശ ചർച്ചകളും വഴിയായിരിക്കണം ആവശ്യങ്ങളും സാധ്യതകളും കണ്ടെത്തേണ്ടത്. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, വ്യവസായം, മത്സ്യബന്ധനം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകളുമായും കുടുംബശ്രീ, സ്വയംസഹായസംഘങ്ങൾ, സഹകരണസ്ഥാപനങ്ങൾ എന്നിവയുമായുള്ള ചർച്ചകൾക്കു പ്രദേശികസർക്കാരുകൾ നേതൃത്വം നൽകണം. കൂടാതെ നാളികേരവികസനബോർഡ്, കയർബോർഡ്, റബ്ബർ ബോർഡ്, വി.എഫ്.പി.സി.കെ തുടങ്ങിയ വിവിധ വികസന ഏജൻസികളുടെ സാധ്യതകളും ആരായേണ്ടതാണ്. കേരള കാർഷിക സർവകലാശാല, കേരള വെറ്ററിനറി സർവകലാശാല, ഫിഷറീസ്

സർവകലാശാല, കൃഷി വിജ്ഞാനകേന്ദ്രങ്ങൾ, ശാസ്ത്ര-സാങ്കേതിക സർവകലാശാല തുടങ്ങിയ ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളുടെ പരിപാടികളുമായി ഈ പ്രാദേശിക വികസനപരിപാടികളെ സംയോജിപ്പിക്കാനുള്ള ബോധപൂർവമായ ഇടപെടലിനു സംസ്ഥാന സർക്കാരിനു നേതൃത്വം നൽകാം. ഇതിനായി പുതിയ പരിശീലനകേന്ദ്രങ്ങളും സ്ഥാപനങ്ങളും രൂപപ്പെടുത്തുകയല്ല നമുക്കാവശ്യം. നിലവിലുള്ള വിവിധവകുപ്പുകളുടെ പരിശീലനകേന്ദ്രങ്ങളേയും പരിശീലനപരിപാടികളേയും ഈ ദിശയിലേക്കു മാറ്റിയെടുക്കുകയാണ് ഉത്തമം.

വൈദഗ്ദ്ധ്യപോഷണവുമായി ബന്ധപ്പെട്ട് പ്രാദേശിക സർക്കാരുകൾ, വിവിധ വകുപ്പുകൾ എന്നിവയുടെ നിലവിലുള്ള പരിമിതികൾ പരിഹരിക്കുവാൻ സഹകരണസ്ഥാപനങ്ങൾക്കു കഴിയും. പരിശീലനത്തിനുശേഷമുള്ള തുടർപ്രവർത്തനങ്ങൾ, വായ്പ, അടിസ്ഥാനസൗകര്യ വികസനം, വിപണനം, പരസ്യം, ഗുണമേന്മ ഉറപ്പാക്കൽ, തുടർപരിശീലനങ്ങൾ തുടങ്ങിയ വിവിധ മേഖലകളിൽ സഹായ ഹസ്തങ്ങൾ നൽകാൻ സഹകരണ സ്ഥാപനങ്ങൾക്കു കഴിയും. ഇത്തരത്തിലുള്ള നിരവധി ഉദാഹരണങ്ങൾ നാട്ടിൽ ഇപ്പോൾ തന്നെ നമുക്കു കാണാം. കേരളത്തിൽ ഇതിന് ഏററവും അനുയോജ്യമായ ചില ഘടകങ്ങൾ ഇപ്പോൾ നിലവിലുണ്ടെന്നു നാം തിരിച്ചറിയണം. സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിരിക്കുന്ന പതിമൂന്നാം പഞ്ചവത്സരപദ്ധതി ഇത്തരത്തിൽ പ്രാദേശികസർക്കാരുകളും സഹകരണസ്ഥാപനങ്ങളും തമ്മിലുള്ള സഹരിച്ചുമുന്നേറ്റത്തിനു വേദി ഒരുക്കുന്നുണ്ട്. ഉല്പാദനവും ഉല്പാദനക്ഷമതയും ഉയർത്തുന്നതിനുള്ള പദ്ധതികൾ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം, സംരംഭകത്വക്ലബ്ബ് സംരംഭകത്വസംഗമം, സഹകരണസ്ഥാപനങ്ങൾക്കു അടിസ്ഥാനസൗകര്യവികസനം, ഹരിതകേരളം പദ്ധതി തുടങ്ങിയവ ഈ മേഖലയിൽ ഉപയോഗപ്പെടുത്താവുന്ന വലിയ സാധ്യതകളാണ്.

ചുരുക്കത്തിൽ ഒരു പ്രദേശത്തിന്റെ പ്രധാന വികസന പ്രശ്നങ്ങളും അവ പരിഹരിക്കുന്നതിനുള്ള ഹ്രസ്വകാല-ദീർഘകാല സാധ്യതകളിൽനിന്നുമാണ് വൈദഗ്ദ്ധ്യപോഷണ പരിപാടികളും പ്രാദേശിക സാമ്പത്തിക വികസനപദ്ധതികളും ഉരുത്തിരിയേണ്ടത്. പ്രദേശിക സാമ്പത്തിക വികസനത്തിനു സാധ്യമാകുന്ന ഓരോ പ്രദേശത്തിനും അനുയോജ്യമായ മൂല്യവർദ്ധിത ഉല്പന്നങ്ങൾ കണ്ടെത്തി അതിനായി മനുഷ്യവിഭവശേഷി ഉപയോഗപ്പെടുത്തുന്ന വൈദഗ്ദ്ധ്യപോഷണം ആസൂത്രണം ചെയ്യണം. കേരളത്തിലെ കാർഷിക ഉത്പാദന പ്രക്രിയയെ ഒരു സംരംഭം എന്ന നിലയിൽ വളർത്തിയെടുക്കാൻ ഇതുവഴി നമുക്കു കഴിയും. ഉത്പാദനം എന്നത് അതിനു തൊട്ടുമുമ്പും പിമ്പുമുള്ള പ്രക്രിയകളുടെ ഒരു കണ്ണി മാത്രമാണ്. അസംസ്കൃത വസ്തുക്കളുടെ ലഭ്യത വേണ്ട അളവിൽ വേണ്ട സമയത്ത് ലഭ്യമാക്കണം. അതുപോലെ തന്നെ വിപണിയുടെ വികസനവും അനിവാര്യമാണ്. അതിനാൽ വിത്തുമുതൽ വിപണനം വരെ ഏറ്റെടുക്കാൻ കഴിയുന്ന കാര്യശേഷി വികസനം വൈദഗ്ദ്ധ്യപോഷണത്തിന്റെ അവിഭാജ്യഘടകമാണ്.

ഇത്തരത്തിൽ തങ്ങളുടെ പ്രദേശത്തിന്റെ സാധ്യതകൾ അനുസരിച്ച് സംരംഭകത്വ അവസരങ്ങൾ കണ്ടെത്തി ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന പ്രാദേശിക സുസ്ഥിര സാമ്പത്തിക വികസനപരിപാടിയായി വൈദഗ്ദ്ധ്യപോഷണത്തെ വളർത്തിയെടുക്കാൻ പ്രാദേശികസർക്കാരുകൾ മുന്നിട്ടിറങ്ങണം.

എം.രേണുകുമാർ

കവിത

ഭ്രമണം

വിശ്വം ഭ്രമണത്തിൽ താളത്തിൽ ലയിക്കവേ
ചുറ്റിപ്പുണർന്നൊരീരാവിന്റെ തീരത്ത്
ഒറ്റയ്ക്കിരിക്കുമ്പോളെൻ ഓർമ്മകൾ പായുന്നു.
രാവിൻനിൻ മാർത്തട്ടിൽ ഉലഞ്ഞുഞാൻ ചേർന്നതും
രാക്കിളിപോലെൻ ഉള്ളിൽ രാഗരസം നിറച്ചതും
പേർത്തും പേർത്തും ഞാനിന്നോർത്തു പോകുന്നു സഖീ.
നിന്നീറനാകു മാർത്തട്ടിൽ കിടന്നതും
നിന്നുടൽ പുണർന്നതും നിന്നിൽ ഞാൻ ലയിച്ചതും
പക്ഷേ,
ഇന്നുതൊട്ടൊരാണ്ടിന്റെ പിന്നിലെ വർഷക്കാലം
നീർക്കയത്താൽ ചുറ്റഴിഞ്ഞന്നാഭ്രാന്തൻ-
കുത്തൊഴുക്കിൽ കണ്ട ഭീകരകാഴ്ചകൊളൊന്നും
മറന്നിട്ടില്ലിപ്പോഴും മറക്കാറായിട്ടില്ല.
എത്രയോ താഴ്വാരങ്ങൾ കണ്ണീർ പൊഴിച്ചന്ന്
എത്രയോ കിനാവുകൾ തല തല്ലി തെറിച്ചന്ന്
അരചനും മന്ത്രിയും തെണ്ടിയുമൊന്നായന്ന്
ഉയിരിനായ് കേഴുന്നൊരാധിയും കണ്ടുനമ്മൾ.

എങ്കിലും എല്ലാം മറന്നിന്നു നാം വീണ്ടും പോകെ,
ചിറകുവളർന്നൊരു പക്ഷിപോൽ ഉയരുന്നു
എല്ലാം തകർക്കാൻ കരുത്തുണ്ടെന്നൊരു
തോന്നലിൽ വീണ്ടും ഉയർന്നു പറക്കുന്നു.
അപ്പൊഴും കൊതിക്കുന്നു മഴയ്ക്കായ് പ്രിഥ്വി വീണ്ടും
മരങ്ങൾ വിണ്ണിൽ നോക്കി കേഴുന്നു നീർത്തുള്ളിക്കായ്.
മണ്ണിനെ മലകളെ പുഴയെ മരങ്ങളെ
പാതിവ്രത്യത്തിൽ വാഴും പ്രപഞ്ചസത്യത്തിനെപ്പോലും
മലിനപ്പെടുത്താൻ വെമ്പും മർത്ത്യന്റെ ദുരകൾ
അറിയുന്നില്ലീസത്യം പരമമായൊരുസത്യം
ഒരു നാൾ ഭ്രമണത്താൽ വിശ്വത്തിൻ താളം തെറ്റാം
അന്നു നീ വീണ്ടും കേഴും ഒരിറ്റു പ്രാണൻ നേടാൻ.

വി.ജി.ശശിധരൻ

(2018 ലെ പ്രളയദുരന്തത്തിനു ഈ ആഗസ്റ്റിൽ ഒരു വർഷം തികയുന്നു)

ചോദ്യങ്ങൾക്കു മറുപടി

? വയോജന-ജാഗ്രതാസമിതിയെപ്പറ്റി പറയുന്നു. അതിൽ ആരൊക്കെ ഉൾപ്പെടുത്തണം?

● സമൂഹത്തിലെ ഏറെ പരിഗണന അർഹിക്കുന്ന വയോജനങ്ങൾക്കുള്ള ക്ഷേമം മുൻനിർത്തി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വയോജന ജാഗ്രതാസമിതികൾ രൂപീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. അതിൽ ഉൾപ്പെടുത്തേണ്ടവർ ഇപ്രകാരമാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സി.ഡി.എസ്. ചെയർപേഴ്സൺ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഐ.സി.ഡി.എസ് സൂപ്രവൈസർ, മെഡിക്കൽ ഓഫീസർ, സ്ഥലത്തെ ചുമതലയുള്ള പോലീസ് സബ് ഇൻസ്പെക്ടർ, വയോജനമേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ ഒരു പ്രതിനിധി, വില്ലേജ് ഓഫീസർ.(സ.ഉ.(സാധാ) 2776/2018.തസ്വഭവ. 30.10.2018, സ.ഉ.(സാധാ)3030/18 തസ്വഭവ.29.11.18, സ.ഉ.(പി) 361/2019 തസ്വഭവ.18.2.2019

? പെട്രോൾ പമ്പിനു ലൈസൻസ് നൽകാൻ പൊല്ലൂഷൻ കൺട്രോൾ ബോർഡിന്റെ എൻ.ഒ.സി. ആവശ്യമാണോ?

● ആവശ്യമാണ്. പെട്രോൾ പമ്പ് മുതലായവ ഗ്രീൻ കാറ്റഗറിയിൽ വരുന്നതിനാൽ എൻ.ഒ.സി. ആവശ്യമാണ്. (സർക്കുലർ നമ്പർ പി.സി.ബി./ടി.4/115/07(3)31.8.2016

? ഗ്രാമപഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റികളിലേയും വാഹനങ്ങൾ ഉപയോഗിക്കുന്നതുസംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ടോ?

● ഉണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വാഹനങ്ങൾ ഉപയോഗിക്കുന്നതുസംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണവകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ. (എം.എസ്)170/07/തസ്വഭവ.30.6.2007 ഉത്തരവുപ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കാണുക.

? ഗ്രാമപഞ്ചായത്തുകളിൽനിന്ന് ലഭിക്കേണ്ട സർട്ടിഫിക്കറ്റുകളും മറ്റും ലഭിക്കുന്നതിനു പ്രത്യേക അപേക്ഷാഫോറം ഉണ്ടോ? അവ എവിടെനിന്നു ലഭിക്കും?

● ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗിക്കേണ്ട നിയമാനുസൃതം നിർദ്ദേശിക്കപ്പെട്ട അപേക്ഷകളുടെ മാതൃകകൾ പഞ്ചായത്ത് ഓഫീസിലെ ഫ്രണ്ട് ഓഫീസിൽനിന്നു ലഭിക്കും. അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട മറ്റു റെക്കോർഡുകളുടെ വിവരവും അപേക്ഷാഫോറങ്ങളോടൊപ്പം ഉണ്ടാകും. ഇക്കാര്യങ്ങൾ എല്ലാ പഞ്ചായത്തുകളിലും ഏർപ്പെടുത്താൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. (സർക്കുലർ നമ്പർ ഡി3 29646/17 പഞ്ചായത്ത് ഡയറക്ടർ.29.7.19)

? ഒരു പഞ്ചായത്ത് മെമ്പർ പ്രസവത്തിനു അവധി വേണമെന്നു പറയുന്നു. എത്ര ദിവസത്തെ അവധി അനുവദിക്കാം. അവധി സമയത്ത് ഓണറേറിയം നൽകാൻ വ്യവസ്ഥയുണ്ടോ?

● പഞ്ചായത്ത് മെമ്പർക്കു ആറുമാസത്തിൽ അധികരിക്കാത്ത കാലയളവിലേക്കു പഞ്ചായത്ത് കമ്മിറ്റിയിൽ പങ്കെടുക്കാതിരിക്കാൻ അവധി നൽകാൻ പഞ്ചായത്തിനു അധികാരമുണ്ട്. സാധാരണഗതിയിൽ ഇപ്രകാരം അനുവദിക്കുന്ന അവധികാലയളവിൽ ഓണറേറിയത്തിനു അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ പ്രസവസംബന്ധമായി അവധിയെടുക്കുന്ന വനിത അംഗത്തിനു ഈ കാലയളവിലേക്കു ഓണറേറിയത്തുനു അർഹതയുണ്ടായിരിക്കുന്നതാണ്.(കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും ചട്ടങ്ങൾ 1995 ചട്ടം 3.ബി. കാണുക)

? ഗ്രാമസഭകൾ വർഷത്തിൽ എത്ര തവണ യോഗം ചേരണം? ഇതിൽ വീഴ്ച വരുത്തിയാൽ എന്താണ് ശിക്ഷ?

● ഗ്രാമസഭകൾ ഓരോ മൂന്നുമാസം കൂടുമ്പോഴും ചേരേണ്ടതാണ്. ഗ്രാമസഭയുടെ കൺവീനറായ വാർഡ് മെമ്പർ പ്രസിഡന്റുമായി ആലോചിച്ച് സ്ഥലവും തീയതിയും അജണ്ടയും നിശ്ചയിച്ച് യോഗം ചേരണം. ഇപ്രകാരം തുടർച്ചയായി മൂന്നു തവണ യോഗം വിളിച്ചുചേർത്തില്ലെങ്കിൽ ആ ജനപ്രതിനിധിയുടെ അയോഗ്യതയായി കണക്കാക്കി അംഗത്വം നഷ്ടപ്പെടും.(കേ.പ.ആക്ട്. സെ.35 (പി) കേ.പ. ആക്ട് സെ.3 (3)

ചോദ്യങ്ങൾക്ക് മറുപടി

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ് ഡെസ്ക്. ഫോൺ നമ്പർ-0487 2455000

? ഗ്രാമപഞ്ചായത്ത് പ്രദേശം വ്യവസായ എസ്റ്റേറ്റായി സർക്കാർ പ്രഖ്യാപിക്കുമ്പോൾ അക്കാര്യം പഞ്ചായത്ത് അറിയേണ്ടതല്ലേ?

● സർക്കാരോ ഒരു സർക്കാർ നിയന്ത്രിത ഏജൻസിയോ ഒരു വ്യവസായ എസ്റ്റേറ്റോ വ്യവസായവികസന പ്രദേശമോ വ്യവസായ സ്ഥലമോ വ്യവസായ വളർച്ചാകേന്ദ്രമോ കയറ്റുമതി സംസ്കരണമേഖലയോ വ്യവസായ പാർക്കോ പഞ്ചായത്ത് പ്രദേശത്ത് തുറക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുമായി കൂടിയോലോചിക്കേണ്ടതാണ്. (കേ.പ.ആക്ട് 1994 സെ.233 സി)

? മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പുപദ്ധതി ഏതു സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും വർക്കിംഗ് ഗ്രൂപ്പിന്റേയും കീഴിലാണ് വരുന്നത്?

● മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പുപദ്ധതി പ്രകാരമുള്ള തൊഴിലുറപ്പു പദ്ധതി കൃഷി മത്സ്യബന്ധനം, മണ്ണ്-ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം എന്നിവയ്ക്കുള്ള വർക്കിംഗ് ഗ്രൂപ്പിലാണ് വരുന്നത്. ഈ വർക്കിംഗ് ഗ്രൂപ്പ് വികസന സ്റ്റാൻഡിംഗ് കമ്മിറ്റിക്കു കീഴിലാണ്. (പദ്ധതി മാർഗ്ഗരേഖ. സ.ഉ. (കൈ)11/2018/തസ്വഭവ.തീയതി. 29.1.2018. ഖണ്ഡിക 3.1,2(5) കാണുക.)

? മിശ്രവിവാഹിതർക്കു പഞ്ചായത്തിൽനിന്ന് ഏതെങ്കിലും ധനസഹായത്തിനു വ്യവസ്ഥയുണ്ടോ?

● മിശ്രവിവാഹിതർക്കു വരുമാനപരിധിക്കു വിധേയമായി 75,000/- രൂപ നിരക്കിൽ വിവാഹധനസാഹയം നൽകാൻ വ്യവസ്ഥകളുണ്ട്. പൊതുവിഭാഗത്തിനു വാർഷികവരുമാനപരിധി രണ്ടുലക്ഷവും പട്ടികജാതിക്കാർക്കു വാർഷികവരുമാനപരിധി മൂന്നുലക്ഷവുമായിരിക്കും. വിവാഹത്തിനു 15 ദിവസം മുമ്പോ വിവാഹം കഴിഞ്ഞ് 90 ദിവസത്തിനകമോ അപേക്ഷ സമർപ്പിച്ചിരിക്കണം. (സബ്സിഡി മാർഗ്ഗരേഖ. സ.ഉ. (കൈ)22/2018.തസ്വഭവ.19.2.2018 പാര.7.2.2

? ഗ്രാമപഞ്ചായത്തിന്റെ ഒരു തീരുമാനം റദ്ദുചെയ്യാൻ കഴിയുമോ?

● ഗ്രാമപഞ്ചായത്ത് എടുത്ത ഒരു തീരുമാനമോ പാസ്സാക്കിയ ഒരു പ്രമേയമോ അതു പാസ്സാക്കിയ തീയതി മുതൽ മൂന്നുമാസത്തിനകം പ്രത്യേകം വിളിച്ചുകൂട്ടിയ യോഗത്തിൽ പഞ്ചായത്തിലെ മുഴുവൻ അംഗങ്ങളുടേയും മൂന്നിൽ രണ്ടു ഭാഗം അംഗങ്ങളുടെ പിന്തുണയോടെ റദ്ദുചെയ്യുകയോ മാറ്റം വരുത്തുകയോ ചെയ്യാം. എന്നാൽ പഞ്ചായത്ത് പാസ്സാക്കിയ ഒരു തീരുമാനം അല്ലെങ്കിൽ പ്രമേയം നിയമാനുസൃതം പാസ്സാക്കിയതല്ലെന്നോ ആക്ട് പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായ അധികാരത്തിന്റെ ലംഘനമാണെന്നോ അല്ലെങ്കിൽ അതു നടപ്പിലാക്കിയാൽ മനുഷ്യജീവനോ പൊതുസുരക്ഷയ്ക്കോ അപകടമാവുമെന്നു പഞ്ചായത്തിനു ബോധ്യം വന്നാൽ എപ്പോൾ വേണമെങ്കിലും പഞ്ചായത്തിന്റെ അംഗസംഖ്യയുടെ പകുതിയിലധികം അംഗങ്ങളുടെ അംഗീകാരത്തോടെ റദ്ദുചെയ്യുകയോ ഭേദഗതി ചെയ്യുകയോ ആകാം. (കേ.പ.രാജ്. യോഗനടപടി ചട്ടങ്ങൾ 1995 ചട്ടം 11 കാണുക.)

വില്ലേജ് എക്സ്റ്റഷൻ ഓഫീസർമാർക്കു കൊട്ടാരക്കര കിലയിൽ സംഘടിപ്പിച്ച രണ്ടാംഘട്ട പരിശീലനപരിപാടി ഗ്രാമവികസനവകുപ്പ് അഡീഷ്ണൽ ഡെവലപ്മെന്റ് കമ്മീഷ്ണർ **വി.എസ്. സന്തോഷ്കുമാർ** ഉദ്ഘാടനം ചെയ്യുന്നു

കൊട്ടാരക്കര സെന്റർ ഫോർ സോഷ്യോ ഇകണോമിക് ഡെവലപ്പമെന്റിൽ വി.ഇ.ഒമാർക്കു പരിശീലനം

പുതുതായി സർവീസിലെത്തിയ വില്ലേജ് എക്സ്റ്റഷൻ ഓഫീസർമാർക്കു കൊട്ടാരക്കര കിലയിൽ രണ്ടാംഘട്ട പരിശീലനം തുടങ്ങി. ഗ്രാമവികസനവകുപ്പ് അഡീഷ്ണൽ ഡെവലപ്മെന്റ് കമ്മീഷ്ണർ വി.എസ്. സന്തോഷ്കുമാർ ഉദ്ഘാടനം ചെയ്തു. സർക്കാർ ഉദ്യോഗസ്ഥർ സേവനത്തിൽ കൃത്യനിഷ്ഠ പാലിക്കണമെന്നും സാധാരണ ജനങ്ങളെ ബുദ്ധിമുട്ടിക്കാതെ അവർക്കു അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകാൻ തയ്യാറാകണമെന്നും ഉദ്ഘാടപ്രസംഗത്തിൽ സന്തോഷ് കുമാർ പറഞ്ഞു. പ്രിൻസിപ്പൽ ജി. കൃഷ്ണകുമാർ പരിശീലനപരിപാടി വിശദീകരിച്ചു. കില സി.എച്ച്.ആർ. ഡി.റീജിണൽ ഡയറകട്ർ കെ.എം. രാമകൃഷ്ണൻ, സീനിയർ ഫാക്കൽറ്റി അംഗം എസ്. രമേശൻ നായർ, കോഴ്സ് ഡയറക്ടർ ആർ. സമീറ എന്നിവർ സംസാരിച്ചു. വിവിധ ജില്ലകളിൽനിന്ന് 50 പേർ പരിശീലനത്തിൽ പങ്കെടുത്തു.

ബ്ലൂ ആർമി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച ജില്ലാപഞ്ചായത്ത് അംഗങ്ങളുടേയും ബ്ലോക്ക് പ്രസിഡന്റുമാരുടേയും ഏകദിന ശില്പശാല ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് **മേരി തോമസ്** ഉദ്ഘാടനം ചെയ്യുന്നു

ബ്ലൂ ആർമി പ്രവർത്തനങ്ങൾക്കു ബ്ലോക്ക് തലത്തിൽ കർമ്മപരിപാടി

ജലരക്ഷ-ജീവരക്ഷ പദ്ധതിയുടെ ഭാഗമായ ബ്ലൂ ആർമി പ്രവർത്തനങ്ങളുടെ കർമ്മപരിപാടി ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, ബ്ലോക്ക് പ്രസിഡന്റുമാർ, ബ്ലോക്ക് സെക്രട്ടറിമാർ, വി.ഇ.ഒ മാർ, എഞ്ചിനിയർമാർ എന്നിവർ പങ്കെടുത്ത ഏകദിന ശില്പശാല തീരുമാനിച്ചു. തൃശ്ശൂർ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിഗ് കമ്മിറ്റി ചെയർപേഴ്സൺ ജെന്നി ജോസഫ് അദ്ധ്യക്ഷത വഹിച്ചു. ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ പത്മിനി ടീച്ചർ കോഴ്സ് കോർഡിനേറ്റർ എം. രേണുകുമാർ എന്നിവർ സംസാരിച്ചു. ജില്ല മണ്ണുസംരക്ഷണ ഓഫീസർ പി.ഡി. സിന്ധു, അജിത് കുമാർ, പ്രിൻസി ടി. കുര്യൻ, വി.കെ ശ്രീധരൻ തുടങ്ങിയവർ ചർച്ചകൾക്കു നേതൃത്വം നൽകി.

ബ്ലോക്ക്പഞ്ചായത്ത് തല ഉദ്ഘാടനം ആഗസ്റ്റ് 6 നു അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിൽ സംഘടിപ്പിച്ചു. തുടർന്ന് മറ്റ് ബ്ലോക്ക് പഞ്ചായത്തുകളിലും പ്രവർത്തനങ്ങൾക്കു തുടക്കമായി. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ജലസംരക്ഷണം സാധ്യമാക്കുന്ന സംയുക്ത പ്രോജക്ടാണ് ജലരക്ഷ-ജീവരക്ഷ. പദ്ധതിയുടെ സമഗ്ര നടത്തിപ്പിനു വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയാണ് ബ്ലൂ ആർമി ജല ക്ലബ്ബിലൂടെ ലക്ഷ്യമിടുന്നത്. കിലയും ജില്ലാ പഞ്ചായത്തും സംയുക്തമായാണ് പരിശീലനപരിപാടിക്കു നേതൃത്വം നൽകുന്നത്.

ജില്ലാപദ്ധതികളെക്കുറിച്ച് കിലയിൽ സംഘടിപ്പിച്ച് ദേശീയ കൂടിയാലോചനാശില്പശാലയിൽ മുൻ ചീഫ് സെക്രട്ടറി **എസ്.എം.വിജയാനന്ദ്** മുഖ്യപ്രഭാഷണം നടത്തുന്നു

ജില്ലാപദ്ധതികളെക്കുറിച്ച് കിലയിൽ ദേശീയശില്പശാല

കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയത്തിന്റെ സഹകരണത്തോടെ ജില്ലാപദ്ധതികളെക്കുറിച്ച് കില നടത്തുന്ന പഠനവുമായി ബന്ധപ്പെട്ട് രണ്ടുദിവസത്തെ ദേശീയ കൂടിയാലോചനാശില്പശാല കിലയിൽ സംഘടപ്പിച്ചു. മുൻ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ് മുഖ്യപ്രഭാഷണം നടത്തി. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ സ്വാഗതമാശംസിച്ചു.ബീഹാർ വിദ്യാപീഠം ചെയർമാൻ വിജോയ് പ്രകാശ് ഐ.എ.എസ്, കെ.എസ്.ഡി.പി. വൈസ് ചെയർമാൻ വി.വൈ.ഭോർപടെജി, കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം കൺസൽട്ടന്റ് ഡോ. പി.പി.ബാലൻ, ഉദയ്പൂരിലെ ടി.എ.ഡി.സി. ഡയറക്ടർ സുധീർ ദാവ്, എസ്.ഐ.ഡി.ബി.ഐ സ്റ്റേറ്റ് ചെയർമാൻ യോഗേഷ് മഹോർ, കജാരി മിശ്ര, സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് കൺവീനർ വി.എസ് ബിജു, കില പ്രോജക്ട് കോർഡിനേറ്റർ ഡോ. ജെ.ബി.രാജൻ, എന്നിവർ സംസാരിച്ചു. പതിനൊന്നു സംസ്ഥാനങ്ങളിൽ ജില്ലാ പദ്ധതികളെക്കുറിച്ച് സാമ്പിൾ പഠനം നടത്താൻ തീരുമാനിച്ചു.കേരളത്തിനുപുറമെ പശ്ചിമബംഗാൾ, ആസാം, സിക്കിം, ബീഹാർ, കർണാടക, തമിഴ്നാട്, രാജസ്ഥാൻ, മധ്യപ്രദേശ്, മഹാരാഷ്ട്ര, ഒഡീഷ എന്നീ സംസ്ഥാനങ്ങളിൽനിന്നുള്ള 24 പ്രതിനിധികൾ ശില്പശാലയിൽ പങ്കെടുത്തു.

തമിഴ്നാട്ടിലെ എട്ടു ജില്ലകളിൽനിന്നുള്ള ജൈവവൈവിധ്യബോർഡ് മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾക്കു കില അഗളി കേന്ദ്രത്തിൽ സംഘടിപ്പി പരിശീലനപരിപാടി

തമിഴ്നാട്ടിലെ ജൈവവൈവിധ്യബോർഡ് മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾക്കു പരിശീലനം

തമിഴ്നാട്ടിലെ എട്ടു ജില്ലകളിൽനിന്നുള്ള ജൈവവൈവിധ്യബോർഡ് മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾക്കു മൂന്നു ദിവസത്തെ പരിശീലനം കില അഗളി കേന്ദ്രത്തിൽ സംഘടിപ്പിച്ചു. കില, ജി.ഐ.ഇസ്ഡ് ഇന്ത്യ, തമിഴ്നാട് ജൈവവൈവിധ്യബോർഡ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലായിരുന്നു പരിശീലനം. അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശിവശങ്കരൻ ഉദ്ഘാടനം ചെയ്തു. കില അസി. ഡയറക്ടർ മാത്യു ആൻഡ്രൂസ്, ജി.ഐ.ഇസ്ഡ് പ്രതിനിധി ഗീത നായ്ക്, കില കോർഡിനേറ്റർ ഗോപി തുടങ്ങിയവർ സംസാരിച്ചു. കേരളത്തിലെ ജൈവവൈവിധ്യം, ജൈവസമ്പത്തിലുണ്ടായ ശോഷണം, ജൈവസമ്പത്തിന്റെ സംരക്ഷണരീതി, ബി.എം.സികൾക്കുള്ള പങ്ക്, ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന വിവരങ്ങൾ തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. അട്ടപ്പാടിയിലെ വിവിധ പഞ്ചായത്തുകളിൽനിന്നുള്ള ജനപ്രതിനിധികൾ, ബി.എം.സി അംഗങ്ങൾ, കർഷകർ എന്നിവരുമായി ചർച്ചകളുമുണ്ടായി.

KILA News letter Published By Dr. Joy Elamon, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 **(for private circulation only)**